

# SNHSS-E PATHRAM JULY-2

Published by LITTLE KITEs SNHSS snhssnorthparavur@gmail.com

## വിവിധ സ്കൂൾ ക്ലബ്ബുകളുടെ ഉത്ഘാടനം നടത്തി

### ഗണിത ക്ലബ് ഉത്ഘാടനം

1.2025-26 അധ്യയന വർഷത്തെ ഗണിത ക്ലബ് ഉത്ഘാടനം ജൂലൈ 28 തിങ്കളാഴ്ച ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വി ഡി സതീശൻ എം എൽ എ ഉത്ഘാടനം ചെയ്തു. നവീകരിച്ച ഗണിത ക്ലബ്ബിൽ തയ്യാറാക്കിയ പ്രവർത്തനങ്ങൾ താല്പര്യത്തോടെ വീക്ഷിക്കുന്നതിനും കുട്ടികളുടെ വിശദീകരണങ്ങൾ കേൾക്കുന്നതിനും എം എൽ എ സമയം കണ്ടെത്തി. കണക്കിലെ സമവാക്യങ്ങൾ ലളിതമായി നിർദ്ധാരണം ചെയ്യുന്നതിനും ഗണിത ക്രിയകൾ എളുപ്പത്തിൽ പരിഹരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് വ്യക്തിഗതമായി ചെയ്യാവുന്ന തരത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.



### സയൻസ് ക്ലബ് ഉത്ഘാടനം

2025-26 അധ്യയന വർഷത്തെ സയൻസ് ക്ലബ് പ്രവർത്തനങ്ങളുടെ ഉത്ഘാടനം ജൂലൈ 28 തിങ്കളാഴ്ച ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ വി ഡി സതീശൻ എം എൽ എ ഉത്ഘാടനം ചെയ്തു. ശാസ്ത്രദീപം തെളിയിച്ചാണ് എം എൽ എ ഉത്ഘാടനം നിർവ്വഹിച്ചത്.അതിനു ശേഷം നവീകരിച്ച ലാബിൽ തയ്യാറാക്കിയ ഏതാനും പരീക്ഷണങ്ങൾ ചെയ്തു നോക്കുന്നതിനും എം എൽ എ സമയം കണ്ടെത്തി. പത്താം ക്ലാസ്സ് വിദ്യാർത്ഥി പാർവതി എസ് ഏതാനും ഫിസിക്സ് പരീക്ഷണങ്ങൾ കാണിക്കൾക്കായി വിശദീകരിച്ചു. കുട്ടികൾക്ക് സ്വയം ചെയ്തു നോക്കാവുന്ന രീതിയിലാണ് ഉപകരണങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ചടങ്ങിൽ ബഹുമാനപ്പെട്ട മുനിസിപ്പൽ ചെയർ പേഴ്സൺ ശ്രീമതി ബീന ശശിധരൻ, വാർഡ് മെമ്പർ സജി നമ്പിയത്ത്, ഹെഡ് മിസ്ട്രസ് ശ്രീമതി ടി ജെ ദീപ്തി, ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ് ശ്രീമതി വി ജി ബിജിമോൾ, സയൻസ് ക്ലബ് കൺവീനർ ലിജി ടീച്ചർ, സെക്രട്ടറി അശ്വതി ടീച്ചർ, സയൻസ് അധ്യാപകനായ കെ എം ബിജു സർ, മറ്റു സയൻസ് അധ്യാപകർ എന്നിവർ പങ്കെടുത്തു. കൊടുങ്ങല്ലൂർ ശാസ്ത്ര പാർക്ക് സ്ഥാപകനായ ശ്രീ ശ്രീജിത്ത് സർ ആശംസകൾ അർപ്പിക്കുകയും കുട്ടികൾക്കായി ക്ലാസ്സ് നടത്തുകയും ചെയ്തു



### സ്കൂൾ സുരക്ഷ പരിശോധന നടത്തി

ഗവണ്മെന്റിന്റെ സമഗ്ര സ്കൂൾ ഓഡിറ്റിന്റെ ഭാഗമായി ദുരന്ത നിവാരണസമിതി, സ്കൂൾ സുരക്ഷാ ക്ലബ് എന്നിവയുടെ നേതൃത്വത്തിൽ ജൂലൈ 29 ന് സ്കൂളിൽ സമഗ്ര സുരക്ഷാ പരിശോധന നടത്തി. അധ്യാപകർ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ക്ലാസ്സ് മുറികളും പരിസരവും, ശുചിമുറികൾ, സ്കൂൾ മൈതാനം, പാചകപ്പുര, വിവിധ ലാബുകൾ എന്നിവിടങ്ങളിൽ സുരക്ഷാ പരിശോധന നടത്തി. ക്ലാസിനു ശേഷം 4 മണി മുതൽ 5.30 വരെയുള്ള സമയത്താണ് പരിശോധന നടത്തിയത്.

### മുണ്ടക്കൈ -ചൂരൽമല അനുസ്മരണദിനം

മുണ്ടക്കൈ - ചൂരൽമല ഉരുളപൊട്ടൽ ദുരന്തതിന് ഒരു വർഷം തികയുന്ന ജൂലൈ 30 ന് സ്കൂളിൽ അനുസ്മരണദിനം ആചരിച്ചു. കൃത്യം 10 മണിക്ക് കുട്ടികൾ ഒരു മിനിറ്റ് എഴുന്നേറ്റ് നിന്ന് ദുരന്തത്തിൽ ജീവൻ,ബന്ധുജനങ്ങൾ, സ്വത്തുവകകൾ നഷ്ടപ്പെട്ടവർക്കായി പ്രാർത്ഥിച്ചു




### കാർഗിൽ വിജയ് ദിനം ആചരിച്ചു.

കാർഗിൽ യുദ്ധത്തിൽ ഇന്ത്യ വിജയം വരിച്ച ജൂലൈ 26 എസ്പി സി, എൻ സി സി, നേവൽ എൻ സി സിയുടെ നേതൃത്വത്തിൽ കാർഗിൽ വിജയ് ദിനം ആയി ആചരിച്ചു.

## സ്കൂൾതല സയൻസ് ക്വിസ് നടത്തി

സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ യു പി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം നടത്തി. യു പി വിഭാഗത്തിൽ നിവിൻ ഷിബു ഒന്നാം സ്ഥാനവും വേദ ഷിബു രണ്ടാം സ്ഥാനവും ഗൗതം കൃഷ്ണ പി എൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഹൈ സ്കൂൾ വിഭാഗത്തിൽ കാർത്തിക് ടി എസ് ഒന്നാം സ്ഥാനവും അനയ്ചന്ദ്ര എം ഓടശ്ശേരി രണ്ടാം സ്ഥാനവും കരസ്ഥമാക്കി.



നിവിൻ ഷിബു വേദ ഷിബു ഗൗതം കൃഷ്ണ പി എൽ

## ചരിത്ര ക്വിസ് നടത്തി

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഹൈ സ്കൂൾ വിദ്യാർത്ഥി കൾക്കായി ജൂലൈ 30 ന് ചരിത്ര ക്വിസ് നടത്തി.ഒൻപതാം ക്ലാസ്സ് വിദ്യാർത്ഥികളായ ജീവൻ ജോൺ മോബിൻ ഒന്നാം സ്ഥാനവും അഭിനവ് ആർ രണ്ടാം സ്ഥാനവും നേടി




ചരിത്ര ക്വിസ് വിജയികളായ ജീവൻ ജോൺ മോബിൻ, അഭിനവ് ആർ

## സ്കൂൾ സുരക്ഷാ സമിതി, ജാഗ്രതാ സമിതി പ്രതിമാസ യോഗം നടത്തി.

സ്കൂൾ സുരക്ഷാ സമിതി, ജാഗ്രതാ സമിതി എന്നിവയുടെ പ്രതിമാസ യോഗം ജൂലൈ 29 ന് 4 മണിക്ക് ചേർന്നു. സ്കൂളിൽ നടത്തേണ്ട സുരക്ഷാ പരിശോധനകളെക്കുറിച്ച് യോഗം ചർച്ച ചെയ്തു. ബി ആർ സി യിൽ നൽകേണ്ട സ്കൂൾ സുരക്ഷായുമായി ബന്ധപ്പെട്ട 30 ചോദ്യങ്ങൾ അടങ്ങിയ ചോദ്യവലിയുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ സുരക്ഷക്കായി സ്വീകരിക്കേണ്ട പ്രധാന നടപടികൾ തീരുമാനിച്ചു. സ്കൂൾ സമയത്തിന് മുൻപും ശേഷവുമുള്ള അധ്യാപകരുടെ ഡ്യൂട്ടി കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നതിന് തീരുമാനമായി. സ്കൂളിലെ വൈദ്യുതീകരണം വീണ്ടും പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ പരിഹാരനടപടികൾതീരുമാനമായി കൈക്കൊള്ളുന്നതിനുംതീരുമാനമായി തീരുമാനമായി

## പത്താം ക്ലാസ്സ് കുട്ടികൾക്ക് കൗൺസലിങ്, മോട്ടിവേഷൻ ക്ലാസുകൾ നടത്തി

പഠന പിന്തുണ ഉറപ്പാക്കുക, കുട്ടികൾക്ക് പഠനത്തിലുള്ള താല്പര്യം വർധിപ്പിക്കുക, കുട്ടികളിൽ ലക്ഷ്യബോധം ഉണ്ടാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി എല്ലാ വർഷവും കുട്ടികൾക്കായി കൗൺസലിങ് നൽകാറുണ്ട്. ഈ വർഷം പത്താം ക്ലാസ്സിലെ കുട്ടികൾക്കായി പ്രത്യാശ കൗൺസലിങ് സെന്റർ ഡയറക്ടർ ശ്രീ വി പി മേനാച്ചേരിയാണ് കൗൺസലിങ് ക്ലാസുകൾ നടത്തിയത്





## സ്വദേശ് മെഗാ ക്വിസ് മത്സരം നടത്തി

### വിജയികൾ







സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ തല സ്വദേശ് മെഗാ ക്വിസ് മത്സരം നടത്തി.യു പി വിഭാഗത്തിൽ 6സി യിലെ റിതിക് സി എസ് ഒന്നാം സ്ഥാനവും 7 ഐ യിലെ നിവിൻ ഷിബു രണ്ടാം സ്ഥാനവും 7ജി യിലെ ഗൗതം ടി ജി മൂന്നാം സ്ഥാനവും കരസ്ഥമാക്കി.
ഹൈസ്കൂൾ വിഭാഗത്തിൽ
ഹൈസ്കൂൾ വിഭാഗത്തിൽ 8 ബി യിലെ കാർത്തിക് കെ എസ് ഒന്നാം സ്ഥാനവും 9ജെ യിലെ ദേവനന്ദന കെ പ്രിബിൻ രണ്ടാം സ്ഥാനവും 8 ജി യിലെ അനായ് പി മൂന്നാം സ്ഥാനവും കരസ്ഥമാക്കി.